1994-95	900
1995-96	933
1996-97	963
1997-98	921

(ഡി) ജവഹർ തൊഴിൽദാനപദ്ധതിക്കായി 97-98-ൽ 37.38 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. കേന്ദ്രസംസ്ഥാനവിഹിതം മുൻവർഷത്തെ നീക്കിയിരിപ്പ് എന്നിവയിൽനിന്നും ആകെ 38.52 കോടി രൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്. റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ജെ.ആർ.വൈ. പദ്ധതിയുടെ ചെലവിനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷമാണ് ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്.

ഡി. ആർ.ഡി.എ. ബന്ധപ്പെട്ട പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവർക്കും ഈ റിപ്പോർട്ടും നൽകാറുണ്ട്.

(എഫ്) 23.5.91-ലെ ജി.ഒ.(പി) 2384/91 തദ്ദവ. പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ജെ.ആർ.വൈ. ഓഡിറ്റിന് ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ചാർജ്/സർചാർജ് നടപടികൾ നടത്തുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) 23.5.1991-ലെ ജി.ഒ.പി. 2384/91/തദ്ദവ പ്രകാരം ജെ.ആർ.വൈ പദ്ധതികളുടെ ഓഡിറ്റിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചാർജ്/സർചാർജ് നടപടികൾക്കുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

13 (3466) സ്വയംതൊഴിൽ പദ്ധതിവഴിയുള്ള ഉല്പന്നങ്ങൾക്ക് വിപണി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾക്ക് വിപണിസൗകര്യം ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ കേന്ദ്രപദ്ധതിപ്രകാരം ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) പുതുക്കിയ ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയായ സ്വർണജയന്തി ഗ്രാമ സ്വറോസ്ഗർ യോജന പ്രകാരം പദ്ധതിക്കുവേണ്ടിയുള്ള അടിസ്ഥാനസൗകര്യവികസന പരിപാടിയായി ഒരു നിശ്ചിതശതമാനം (20%) തുക നീക്കിവയ്ക്കാവുന്നതാണ്. ഈ തുക വിനിയോഗിച്ച് വിപണനസാദ്ധ്യതകൾ വികസിപ്പിച്ച് എടുക്കുന്ന പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്. വിപ

LIBRARY ARCHIVES Kerala Legislative Assembly

ണന സാദ്ധ്യതകൾ വികസിപ്പിച്ചെടുക്കുന്ന പരിപാടികൾ ജില്ലാ/ ബ്ലോക്ക് തല ങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

14 (3467) സ്വയംതൊഴിൽ പദ്ധതിയിൽ മാറ്റം

ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിലിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെല്ലാം മാറ്റം വരുത്താൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം നൽകുന്നതിൽ എന്തെ ങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയെ ത്രിതലപഞ്ചായത്തുകളുടെ വാർഷിക പദ്ധതി കളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്ത് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറി യിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം മുതൽ സംയോജിത ഗ്രാമവികസന പരിപാടി, ഗ്രാമീണ വനിതാ ശിശുവികസന പരിപാടി, ട്രൈസം കൈത്തൊഴി ലുപകരണ വിതരണ പരിപാടി, ഗംഗാകല്യാൺ യോജന, ദശലക്ഷംകിണർ പദ്ധതി, എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ച് സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന(എസ്.ജി.എസ്.വൈ) എന്നീ പുതിയപദ്ധതി ആവിഷ്കരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളയാളുകൾക്ക് ബാങ്ക് വായ്പയും സഹായധ നവും നൽകി ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനം അടി സ്ഥാന സൗകര്യ വികസനം, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്. ഈ പദ്ധതിക്ക് കേന്ദ്രവിഹിതം 75% സംസ്ഥാനവിഹിതം, 25 % എന്ന അനുപാതത്തിലാണ്.

(സി) ഉണ്ട്.

(ഡി) ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന എല്ലാ കേന്ദ്രാവി ഷ്കൃത പരിപാടികളും വാർഷിക പദ്ധതിയുമായി സംയോജിച്ച് നടപ്പാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നേരത്തെതന്നെ നൽകിയിട്ടുണ്ട്.

15(3468) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly